II ഇ.ബി. XII കേരള നിയമസഭ/ VIII-12

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2008 ജൂലായ് 10, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

39(*361) പെട്രോളിയം ഉൽപ്പന്നങ്ങളെ ഷെഡ്യൂൾ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, പെട്രോളിയം ഉൽപ്പന്നങ്ങളെ ഷെഡ്യൂൾ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള കേന്ദ്ര നിർദ്ദേശമുണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിമാന ഇന്ധനത്തേയും ഗാർഹിക ഉപഭോഗത്തിനായുള്ള പാചകവാതകത്തേയും പ്രഖ്യാപിത ചരക്കുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള മൂല്യവർദ്ധിത നികുതി നിയമം 2003-ൽ ഭേദഗതി വരുത്തുകയും കേരള ധനകാര്യ ബിൽ 2006 പ്രകാരം ഗാർഹിക ഉപഭോഗത്തിനുള്ള പാചക വാതകം 3-ാം പട്ടികയിൽ ഇനം 98 'എ' ആയി 4 ശതമാനം നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിമാന ഇന്ധനത്തിന് 01.04.2008 മുതൽ 4 ശതമാനം നികുതി നിരക്ക് കേരള ധനകാര്യ ബിൽ 2008 മുഖേന നിശ്ചയിച്ചുവെങ്കിലും

ഈ നിരക്ക് സംസ്ഥാനത്ത് പ്രായോഗികമായി നിലവിൽ വന്നിട്ടില്ല. ഈ സാമ്പത്തിക വർഷം ഏപ്രിൽ മേയ് മാസങ്ങളിൽ എണ്ണ കമ്പനികൾ 25 ശതമാനം നിരക്കിൽ തന്നെയാണ് നികുതി അടച്ചു വന്നിട്ടുള്ളത്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് 30.5 ശതമാനം കസ്റ്റംസ് തീരുവ സംസ്ഥാന ഗവൺമെന്റുകൾക്കായി കേന്ദ്രം നൽകുന്നുണ്ട്. 30.5 ശതമാനത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം 2.665 ശതമാനം മാത്രമാണ്. പെട്രോൾ, ഡീസൽ ഇറക്കുമതിയിലുണ്ടായിരുന്ന കസ്റ്റംസ് ഡ്യൂട്ടി 7.5 ശതമാനമായിരുന്നു. ഇത് 2.5 ശതമാനമായി കുറവ് ചെയ്തിട്ടുണ്ട്. മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ കസ്റ്റംസ് ഡ്യൂട്ടി 5 ശതമാനമാണ്. കസ്റ്റംസ് തീരുവ ഇളവ് ചെയ്തതുമൂലം സംസ്ഥാനത്തിന് റവന്യൂ നഷ്ടം ഉണ്ടാകും. എന്നാൽ കൃത്യമായ വിവരം ലഭിച്ചിട്ടില്ല. ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന്റെ ആഘാതം കുറയ്ക്കാൻ വേണ്ടി സംസ്ഥാന സർക്കാർ വിൽപ്പന നികുതിയിൽ ഇളവുകൾ പ്രഖ്യാപിച്ചതിന്റെ ഫലമായി സംസ്ഥാന ഗവണ്മെന്റിന്റെ വരുമാനത്തിൽ 322 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. കൂടാതെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ കസ്റ്റംസ്, എക്സൈസ് തീരുവയിൽ കേന്ദ്രസർക്കാർ വരുത്തിയ കുറവുമൂലം ഇരുനൂറിൽപ്പരം കോടി രൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുന്നതാണ്.

അന്താരാഷ്ട്രരംഗത്ത് പെട്രോളിയം ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിയെങ്കിലും ഡിമാന്റും കൂടിയിട്ടുണ്ട്. ഈ വിലവർദ്ധനവിനെ ന്യായീകരിക്കത്തക്ക രീതിയിലുള്ള ഒരു മാറ്റം ഡിമാന്റിലും സപ്ലൈയിലും ഉണ്ടായിട്ടില്ല.

മറിച്ച് ഡോളറിന്റെ വിലയിടിവും സ്പെക്കുലേഷനും ഊഹക്കച്ചവട കമ്മോഡിറ്റിയായി പെട്രോളിയം ഉൽപ്പന്നങ്ങൾ മാറിയതും അന്താരാഷ്ട്ര വില നിലവാരം ഉയരാൻ കാരണമായി. സംസ്ഥാന സർക്കാരിന്റെ പെട്രോളിയം ഉപഭോഗം പരിമിതമാണെങ്കിലും കെ.എസ്.ആർ.ടി.സി പോലുള്ള സ്ഥാപനങ്ങൾക്ക് ഈ വിലവർദ്ധനവിലൂടെ 60 കോടി രൂപയുടെ അധിക ചെലവ് വരും. മാത്രമല്ല, അവശ്യവസ്തുക്കളുടെ വിലക്കയറ്റത്തിന്റെ മുഖ്യകാരണം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവാണ്. ഈ വിലവർദ്ധനവുമൂലം സംസ്ഥാന സർക്കാരിന് അടുത്ത ധനകാര്യ വർഷത്തിൽ ഏകദേശം മൂവായിരം കോടി രൂപയുടെ അധിക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ അധികബാധ്യത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ ഭരണച്ചെലവുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരും. മാറിമാറി വരുന്ന സർക്കാരുകൾ ചെലവുകളും ധൂർത്തും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എക്കണോമി ഓർഡേഴ്സ് ഇറക്കുമെങ്കിലും മുൻപുള്ള എക്കണോമി ഓർഡേഴ്സ് പിൻവലിക്കാറില്ല. ഇതുമൂലം നിലവിലുള്ള ചട്ടങ്ങൾ, നിബന്ധനകൾ, നിയന്ത്രണങ്ങൾ ഇവ എന്തെന്നറിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് കഴിഞ്ഞ 10-15 വർഷക്കാലത്തെ മുഴുവൻ നിയന്ത്രണ രേഖകളും പരിശോധിച്ചശേഷം മുൻപുള്ള എല്ലാ എക്കണോമി മെഷേഴ്സും പിൻവലിച്ചുകൊണ്ട് സമഗ്രമായ ഒരു പുതിയ നിർദ്ദേശത്തിന് സംസ്ഥാനഗവണ്മെന്റ് രൂപം നൽകുന്നതാണ്. 2004-05-ൽ പെട്രോളിയത്തിൽ നിന്നും കേന്ദ്രസർക്കാരിന് ലഭിച്ച നികുതിവരുമാനം 1,20,000 കോടി രൂപയാണ്. അതിൽ കേന്ദ്രഗവണ്മെന്റിന്റെ വിഹിതം 78,000 കോടി രൂപയും സംസ്ഥാനസർക്കാരുകളുടെയെല്ലാം കൂടിയുള്ള വിഹിതം 43250

കോടി രൂപയുമാണ്. ഇതിൽ സിംഹഭാഗവും കേന്ദ്ര ഗവണ്മെന്റിന്റെ എക്സൈസ്, കസ്റ്റംസ്, സർവ്വീസ് ടാക്സ്, റോയൽറ്റി, ഡിവിഡന്റ് തുടങ്ങിയ വയെല്ലാം കൂടി ചേരുന്നതാണ്. സംസ്ഥാന ധനമന്ത്രിമാരുടെ യോഗം ഡൽഹിയിൽ ചേർന്ന അവസരത്തിൽ സെയിൽസ് ടാക്സിൽ നിന്നുള്ള ഫ്ളോർ റേറ്റ് കുറയ്ക്കണമെന്ന നിർദ്ദേശം തള്ളിക്കളയുകയും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കുമ്പോൾ നികുതി കുറയ്ക്കാൻ വേണ്ടി കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകരുതെന്ന് ആവശ്യപ്പെടാൻ ഏകകണ്ഠമായി തീരുമാനിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന 8,000 കോടി രൂപയുടെ നഷ്ടത്തിൽ പകുതിയെങ്കിലും കേന്ദ്രസർക്കാർ വഹി ക്കേണ്ടതാണെന്നും ഭാവിയിൽ വില വർദ്ധനവ് ഉണ്ടാകുമ്പോൾ ഒരു സംസ്ഥാ നവും ഒറ്റയ്ക്ക് നികുതി കുറയ്ക്കുന്നതല്ലെന്നും കൂട്ടായിട്ടുള്ള തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നികുതി കുറയ്ക്കുകയുള്ളൂ എന്നും തീരുമാനമെടുത്തു. ഇപ്പോഴുണ്ടായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധ നവിന്റെ ആഘാതം കുറയ്ക്കാൻ വിൽപ്പന നികുതി കുറയ്ക്കണമെന്ന കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശത്തിന്റെ ഭാഗമായി 15 സംസ്ഥാനങ്ങൾ ഡീസലിനുള്ള നികുതിയും 10 സംസ്ഥാനങ്ങൾ പെട്രോളിനുള്ള നികുതിയും 5 സംസ്ഥാനങ്ങൾ പാചകവാതക നികുതിയും കുറച്ചു. രംഗ രാജൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം 2001-02-മുതൽ 2004-05 വരെയുള്ള എണ്ണ കമ്പനികളുടെ ലാഭം യഥാക്രമം 12191 കോടി രൂപ, 22,775 കോടി രൂപ, 24,234 കോടി രൂപ, 26,398 കോടി രൂപ എന്നിങ്ങനെയാണ്. ഇതിൽ

മൂന്നു വർഷം കൊണ്ട് 11,000 കോടി രൂപയുടെ ലാഭമുണ്ടാക്കിയ റിലയൻസ് കമ്പനി ഒരു നികുതിയും നൽകുന്നില്ല. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി വില സ്ഥിരത ഉറപ്പു വരുത്തുന്നതിന്റെ സമീപനം മാറി. 1974-ആയപ്പോൾ അഡ്മിനിസ്ട്രേറ്റീവ് പ്രൈസ് സിസ്റ്റം നടപ്പാക്കിയിരുന്നു. ഉൽപ്പാദനച്ചെലവ്, വിദേശത്ത് നിന്ന് വാങ്ങുന്ന ഇന്ധനത്തിന്റെ വില, വെയിറ്റഡ് ആവറേജ് എന്നിവ കണക്കാക്കിയാണ് ഇൻഡ്യയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത്. ഇത്തരത്തിലുള്ള നയം ഇൻഡ്യയിൽ പുതിയ ഖനനം നടത്തുന്നതിന് ഉത്തേജനം നൽകുന്നില്ല. നാട്ടിൽ കൂടുതൽ എണ്ണ കണ്ടെത്തി ഉപയോഗിച്ചാൽ വലിയ ലാഭം കിട്ടുമെന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ടി ഇംപോർട്ട് പാരിറ്റി പ്രൈസാണ് വേണ്ടത്. ഇൻഡ്യയിലേയ്ക്ക് പെട്രോളിയം ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ എന്തു വില കൊടുക്കേണ്ടിവരുമോ അതാണ് ഇൻഡ്യയിലെ വില. ഡീസലി ന്റെയും മണ്ണെണ്ണയുടേയും പാചകവാതകത്തിന്റേയും വില കുറച്ചുകൊണ്ടു വരാനായി പരമാവധി ക്രോസ് സബ്സിഡി ഒഴിവാക്കാനാണ് ശ്രമിക്കുന്നത്. പാചകവാതകത്തിനും മണ്ണെണ്ണയ്ക്കുമുള്ള സബ്സിഡി കുറയ്ക്കാനുള്ള നിർദ്ദേശങ്ങളാണ് രംഗരാജൻ കമ്മിറ്റി മുന്നോട്ടു വച്ചിട്ടുള്ളത്. ഇപ്പോൾ ഡ്യുവൽ പ്രൈസ് സിസ്റ്റമാണ് നിലവിലുള്ളത്. നമ്മുടെ നാട്ടിലെ ശരാശരി ഉൽപ്പാദനച്ചെലവും ന്യായമായ ലാഭവും കൂട്ടിയുള്ള വിലയും ഇറക്കുമതി ചെയ്യുമ്പോൾ കൊടുക്കേണ്ട വിലയും അടിസ്ഥാനപ്പെടുത്തിയാണ് വില നിശ്ചയിക്കുന്നത്. ഇപ്പോൾ വരുത്തിയ വിലവർദ്ധനവിലൂടെ സംസ്ഥാന ഗവ ണ്മെന്റിന് ലഭിക്കേണ്ടിയിരുന്ന അധിവരുമാനം പരിപൂർണ്ണമായി ഒഴിവാക്കി ക്കൊണ്ടുള്ള നികുതി ഇളവാണ് സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചത്.

മുഴുവൻ പെട്രോളിയം ഉൾപ്പന്നങ്ങളേയും ഡിക്ളയേർഡ് ഗുഡ്സിലാക്കാനും സംസ്ഥാന ഗവണ്മെന്റിനുമേൽ ഇത്തരത്തിൽ നികുതി ചമുത്താൻ പാടില്ലെന്നും അതിന് നിയന്ത്രണം വേണമെന്നും നിലവിലുള്ള നികുതി 4 ശതമാനമാക്കി കുറയ്ക്കണമെന്നുമുള്ള നിർദ്ദേശം മുന്നോട്ടു വച്ചിരിക്കുക യാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിന്റെ 50 ശതമാനം ആഭ്യന്തര ഖനനത്തിൽ നിന്നും 50 ശതമാനം പുറത്ത് നിന്നും ഇറക്കുമതി ചെയ്യുകയാണ് ചെയ്തിരുന്നത്. എന്നാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തതയ്ക്കുവേണ്ടിയുള്ള പരിശ്രമത്തിൽ വലിയ വീഴ്ച വന്നിരിക്കുകയാണ്. ഇപ്പോൾ ഉണ്ടായ വിലവർദ്ധനവിലൂടെ സർവ്വീസ് ടാക്സ് ഇനത്തിലും ഇൻകം ടാക്സ് ഇനത്തിലും കേന്ദ്ര ഗവണ്മെന്റിന്റെ വരു മാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ആ അധികവരുമാനം സംസ്ഥാന ങ്ങളുമായി ഷെയർ ചെയ്യുന്നില്ല. സംസ്ഥാനങ്ങൾക്ക് ഫിനാൻസ് കമ്മിഷൻ നിശ്ചയിക്കുന്ന പണം കൊടുക്കണമെന്ന ഭരണഘടാപരമായ വ്യവസ്ഥ ലംഘിച്ചുകൊണ്ട് ഒരു രൂപ ധനസഹായമായി നൽകുമ്പോൾ രണ്ടു രൂപ യുടെ കേന്ദ്രാവിഷ്കൃതപദ്ധതി കേന്ദ്രം ആവിഷ്ക്കരിച്ച് സംസ്ഥാനത്ത് നട പ്പാക്കുകയാണ്; ആ നിലപാട് തിരുത്തണം. കേന്ദ്രത്തിന്റെ നികുതി വരുമാന ത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കണമെന്നുള്ള കാര്യ ത്തിൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും ഒരേ നിലപാടാണ് സ്വീകരിച്ചി രിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ നമ്മുടെ ആവശ്യ ത്തിന്റെ 30 ശതമാനം നമ്മൾ ഖനനം ചെയ്തെടുക്കുന്നതാണ്. അതേ സമയം ഖനനം ചെയ്യുന്നവർക്ക് കൂടുതൽ ലാഭമുണ്ടായാലേ കമ്പനികൾ വരി

കയുള്ളൂ എന്ന് പറഞ്ഞ് ഇംപോർട്ട് പ്രൈസ് പാരിറ്റി വില നിർണ്ണയത്തിന്റെ അടിസ്ഥാന ഘടകമായി എടുക്കുന്നത് ശരിയല്ലെന്നാണ് ഇടതുപക്ഷം വാദിച്ചിരിക്കുന്നത്. ഊഹക്കച്ചവടത്തിന്റെ ഫലമായി അന്താരാഷ്ട്രവിലയിൽ വന്ന വർദ്ധനവിനെ മറികടക്കാൻ എണ്ണ ഖനനത്തിനുള്ള ഗവേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. വിലവർദ്ധനവ് വരുത്തി വിദേശ കമ്പനികൾക്ക് ഇവിടെ പര്യവേക്ഷണം നടത്താനുള്ള അവസരമുണ്ടാക്കിക്കൊടുക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്രം നടത്തുന്നത്. ഒ.എൻ.ജി.സി., ഓയിൽ ഇൻഡ്യാ ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളും റിലയൻസ് പോലുള്ള കമ്പനികളുടെ ക്യാപ്പിറ്റൽ ഗെയിൻ ടാക്സ് എന്നിവയും ചേർത്ത് ഒരു പ്രൈസ് സ്റ്റബിലൈസേഷൻ ഫണ്ട് രൂപീകരിക്കണമെന്നുള്ളതാണ് പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ഏകകണ്ഠമായി അംഗീകരിച്ചിട്ടുള്ളതെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

40 (*362) <u>ഡ്രൈവിംഗ് ടെസ്റ്റുകൾ കാര്യക്ഷമമാക്കാൻ നടപടി.</u>

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നത് കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചും ആ വ്യവസ്ഥകൾക്ക് വിധേയമായി ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിക്കുന്ന വിവിധ സർക്കുലറുകൾ പ്രകാരവുമാണെന്ന് സഭയെ അറിയിച്ചു. ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ചേർന്ന ടീമാണ് ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസിനും, ഇരുചക്ര വാഹനങ്ങൾക്കുമുള്ള ടെസ്റ്റ് നടത്തുന്നത്. പാർട്ട് '1' പാർട്ട് '2' എന്നിങ്ങനെ

രണ്ട് വിഭാഗമായി തിരിച്ച്, പാർട്ട് 1–ൽ മോട്ടോർ സൈക്കിളിനും ഓട്ടോറിക്ഷയ്ക്കും ' 8 ' ട്രാക്കിലും ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 'H' ട്രാക്കിലും ഗ്രൗണ്ട് ടെസ്റ്റുകൾ നടത്തിയശേഷം പാർട്ട് 2–ൽ റോഡ് ടെസ്റ്റും നടത്തുന്നുണ്ട്. ഒരു ജോയിന്റ് ആർ.ടി.ഒ.യും ഒരു എം.വി.ഐ.യും അടങ്ങുന്ന ടീമാണ് ഹെവി വെഹിക്കിൾ ലൈസൻസിനുള്ള ടെസ്റ്റ് നടത്തുന്നത്. റോഡ് ടെസ്റ്റ് നടത്തുമ്പോൾ അപേക്ഷകന്റെ ഡ്രൈവിംഗ് വൈദഗ്ദ്ധ്യം അളക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ദിവസം നടത്താവുന്ന ടെസ്റ്റുകൾ 40 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് അപേക്ഷകന്റെ ഡ്രൈവിംഗ് വൈദഗ്ദ്ധ്യം പൂർണ്ണമായ രീതിയിൽ പരിശോധിക്കുന്നതിന് ഉതകുന്നതാണ്. ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ. തുടങ്ങിയ മേലുദ്യോഗസ്ഥർ ഇടയ്ക്കിടയ്ക്ക് സൂപ്പർ ചെക്ക് ടെസ്റ്റുകൾ നടത്താറുണ്ട്. മോട്ടോർ വാഹനവകുപ്പിന് സ്വന്തമായ ടെസ്റ്റിംഗ് ഗ്രൗണ്ടുകൾ ഇല്ലാത്തതിനാൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാണ് ടെസ്റ്റ് നടത്തുന്നത്. മിക്ക സ്ഥലങ്ങളിലും പൊതുവായ ഗ്രൗണ്ടുകളിലാണ് ഇപ്പോൾ ടെസ്റ്റ് നടത്തുന്നത്. കേന്ദ്ര മോട്ടോർ വാഹനനിയമത്തിലെ ചട്ടം 24, 27 പ്രകാരം നിഷ്ക്കർഷിക്കുന്ന അടിസ്ഥാന സൗകര്യവും മതിയായ പാർക്കിംഗ് ലഭ്യതയും, നിശ്ചിത യോഗ്യതയുള്ള അധ്യാപകരും ഡ്രൈവിംഗ് സ്ക്കൂൾ നടത്തിപ്പിന് അനിവാര്യമാണ്. അപേക്ഷകനും സ്ക്കൂളിലെ ജോലിക്കാരും സൽസ്വഭാവികൾ ആയിരിക്കണം. സ്വന്തമായോ വാടകയ്ക്കോ അപേക്ഷകന് സ്ഥലം ഉണ്ടായിരിക്കണം, പരിശീലനം നൽകുന്ന ഓരോ ഇനത്തിലെയും കുറഞ്ഞത് ഓരോ വാഹനം വീതം വേണം, മോട്ടോർ സൈക്കിൾ ഒഴികെ മറ്റ്

വാഹനങ്ങൾക്ക് 'ഡ്യുവൽ കൺട്രോൾ സിസ്റ്റം' ഉണ്ടായിരിക്കണം, പരിശീലനം നൽകുന്ന ആൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ ഡ്രൈവിംഗ് പരിചയം, പത്താം ക്ലാസ്സ് വിജയം, മോട്ടോർ മെക്കാനിസത്തിലുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, ഇംഗ്ലീഷ് അഥവാ പ്രാദേശിക ഭാഷയിലുള്ള പരിജ്ഞാനം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഡ്രൈവിംഗ് സ്കൂളിൽ ബ്ലാക്ക് ബോർഡ്, റോഡ് പ്ലാൻ, റോഡ് സൈനുകൾ, വാഹനത്തിന്റെ വിവിധ ഭാഗങ്ങൾ, ഓട്ടോമാറ്റിക് സിഗ്നൽ സിസ്റ്റം, എൻജിൻ ഗിയർബോക്സ് സ്പാനറുകൾ, പഞ്ചർ കിറ്റ്, ഫസ്റ്റ് എയ്ഡ് ബോക്സ്, വിദ്യാർത്ഥികൾക്കുള്ള ബഞ്ച്, കസേര, മേശ എന്നിവയും ആവശ്യമാണ്. നിയമപ്രകാരം ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉപകരണങ്ങളും ഉള്ള സ്ക്കൂളുകൾക്ക് മാത്രമേ ലൈസൻസ് നൽകാവൂ എന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്. പരിശോധനാവേളകളിൽ മേൽപ്പടി നിബന്ധനകളിൽ വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ടാൽ ഉടനടി ലൈസൻസ് സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാറുണ്ട്. പ്രസ്തുത നിബന്ധനകളിൽ വീഴ്ച വരുത്തിയതായി ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ വർഷം വിവിധ ഇനം വാഹനങ്ങൾക്ക് ഡ്രൈവിംഗ് ലൈസൻസുകൾ നൽകിയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മോട്ടോർ സൈക്കിൾ | - | 227371 |
| എൽ.എം.വി. | - | 178289 |
| ത്രീ വീലർ | - | 59076 |
| ഹെവി വെഹിക്കിൾസ് | - | 34911 |
| മറ്റ് വാഹനങ്ങൾ | - | 234 |
| ആകെ | - | 499881 |

മോട്ടോർ വെഹിക്കൾസ് ഡിപ്പാർട്ട്മെന്റ് അഴിമതിവിമുക്തമാക്കുന്നതിന്റെ ഭാഗമായി ആർ.ടി. ഓഫീസുകളും ജോയിന്റ് ആർ.ടി.ഓഫീസുകളും മറ്റും പൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. ജോയിന്റ് ആർ.ടി. ഓഫീസുകളില്ലാത്ത പത്തു താലൂക്കുകളിൽ അവ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സജീവമായി പരിഗണിക്കുന്നതാണ്. ഡ്രൈവിംഗ് ടെസ്റ്റ് പാസ്സാകുന്ന ഉദ്യോഗാർത്ഥിക്ക് ഡ്രൈവിംഗ് ലൈസൻസ് തപാൽ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് സ്മാർട്ട് ഓപ്റ്റിക്കൽ കാർഡ് നൽകാനായി ധനകാര്യവകുപ്പിന്റെയും ടെക്നിക്കൽ കമ്മിറ്റിയുടെയും തീരുമാനങ്ങൾ മറികടന്നുകൊണ്ട് ഗതാഗതവകുപ്പ് എടുത്ത തീരുമാനം ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം റദ്ദ് ചെയ്യുകയും അക്കാര്യത്തിൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ശേഷിയുള്ള സ്മാർട്ട് കാർഡ് കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് നൽകാനുള്ള പരിശ്രമമാണ് ഇപ്പോൾ ഈ ഗവണ്മെന്റ് നടത്തുന്നത്; ഇക്കാര്യം ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചശേഷം കുറഞ്ഞ നിരക്കിൽ ടെണ്ടർ കൊടുക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. കോഴിക്കോട് ചേവായൂരിൽ ഒരു ഡ്രൈവിംഗ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ആ സ്ഥാപനത്തിന്റെ പേര് പറഞ്ഞ് ഡ്രൈവിംഗ് ടെസ്റ്റിനായി എത്തുന്ന ആളുകളിൽ നിന്ന് പിരിവെടുക്കുന്നു എന്നുള്ള ആക്ഷേപം പ്രത്യേകമായി പരിശോധിക്കുന്നതാണ്. മോട്ടോർ വാഹനവകുപ്പിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവ

നത്തെ സംബന്ധിച്ച പൗരാവകാശരേഖയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. നിയസഭാ സമ്മേളനം കഴിഞ്ഞാലുടൻ മേഖലാടിസ്ഥാനത്തിൽ ഒരു യോഗം വിളിച്ചുകൂട്ടി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം നടപടികളിലൂടെ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിലുൾപ്പെടെ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ കഴിയും. വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് സീറ്റ് ബെൽറ്റ്, ഹെൽമെറ്റ് എന്നിവ ഉപയോഗിക്കുന്നതിനുള്ള നിയമവ്യവസ്ഥകൾ ജനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് കർശനമായ നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ആഭ്യന്തരവകുപ്പുമന്ത്രി പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. 1988-ലെ മോട്ടോർ വാഹനനിയമത്തിൽ ഭേദഗതി വന്നശേഷം ഒരു ബസ്സുടമ പെർമിറ്റിനായി അപേക്ഷ തന്നാൽ അത് നിരസിക്കാനുള്ള കാരണങ്ങൾ വളരെ കുറവാണ്. 31 ദേശസാൽകൃത റൂട്ടുകളിൽ 17000-ത്തോളം സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് കൊടുത്തിട്ടുണ്ട്. ദേശസാൽകൃത റൂട്ടുകളിൽ മേലിൽ പെർമിറ്റ് കൊടുക്കരുതെന്നുള്ള വിജ്ഞാപനം 6-5-08-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 1987 ഡ്രൈവിംഗ് സ്ക്കൂളുകളാണ് പ്രവർത്തിക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ശരിയായ മാനദണ്ഡങ്ങൾ പാലിക്കാത്ത 14 ഡ്രൈവിംഗ് സ്കൂളുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്നതനുസരിച്ചാണ് ലേണേഴ്സ് ലൈസൻസ് കൊടുക്കുന്നത്. പൊല്യൂഷൻ ടെസ്റ്റിംഗ് സെന്ററുകളെ അപ്ഗ്രേഡ് ചെയ്യാനും ഇത്തരം കേന്ദ്ര

ങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

41 (*363 & *370) <u>സമ്പൂർണ്ണ ശുചിത്വ പരിപാടി.</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) നൽകിയ മറുപടിയിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് 2006 ഒക്ടോബറിൽ ആരംഭിച്ച മാലിന്യമുക്ത കേരളം പരിപാടിയുടെ ആക്ഷൻ പ്ലാനാണ് 2007 നവംബർ 1-ന് ബഹുമാനപ്പെട്ട രാഷ്ട്രപതി ഉത്ഘാടനം ചെയ്തതെന്നും പ്രസ്തുത ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്താകെ ഊർജ്ജിതമായി നടപ്പിലാക്കി വരികയാണെന്നും സഭയെ അറിയിച്ചു. ഇതൊരു സമ്പൂർണ്ണ ശുചിത്വപരിപാടിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ കോർത്തിണക്കി ബഹുജന പങ്കാളിത്തത്തോടെയാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. 31-01-2008-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിന് ക്ലീൻ കേരള മിഷനും കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിക്കുകയും മുൻപ് ഈ സ്ഥാപനങ്ങൾ നടപ്പിലാക്കിയിരുന്ന പദ്ധതികൾ എല്ലാം തുടരുകയും ചെയ്യുന്നുണ്ട്. മാലിന്യമുക്തകേരളം പദ്ധതിയുടെ പുരോഗതി അവലോകനം നടത്തുന്നതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആ രംഗത്തുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് അംഗീകാരം നൽകുന്നതുമാണ്. 2008 ആഗസ്റ്റ് 31 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ഗാന്ധിജയന്തിയോടനുബന്ധിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതാണ്.

ഇതിന് പുറമെ താഴെപ്പറയുന്ന ഔദ്യോഗിക അവലോകന സംവിധാനവും നിവിലുണ്ട്.

ഇന്ത്യാ ഗവൺമെന്റിന്റെ, ബഹുമാനപ്പെട്ട ഗ്രാവികസന വകുപ്പു മന്ത്രി/സെക്രട്ടറി തലത്തിലുള്ള മോണിറ്ററിംഗ്;

സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി/സെക്രട്ടറിതല അവലോകനയോഗം;

സംസ്ഥാന തലത്തിലും മേഖലാതലത്തിലും അവലോകനം;

ദാരിദ്ര്യനിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാരുടെ അവലോകന യോഗം;

ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ അവലോകന യോഗങ്ങൾ;

പദ്ധതി പുരോഗതി നിരീക്ഷിക്കുന്നതിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനവും വീഡിയോ കോൺഫറൻസ് സംവിധാനവും;

ജില്ലാതല/സംസ്ഥാനതല ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന.

2007 നവംബർ 1-ലെ ആക്ഷൻപ്ളാൻ അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനു പുറമെ, സമ്പൂർണ്ണ ശുചിത്വയജ്ഞ പരിപാടിയുടെ (TSC) ഘടകങ്ങൾക്കായി 2124.61 ലക്ഷം രൂപയും ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി 796.96 ലക്ഷം രൂപയും ധനസഹായമായി ചെലവഴിച്ചു. രണ്ടു വർഷത്തിനുള്ളിൽ 341041 വ്യക്തിഗത ടോയ്‌ലറ്റുകൾ, 879 സ്ക്കൂൾ ടോയ്‌ലറ്റുകൾ, 1596 അംഗൻവാടി ടോയ്‌ലറ്റുകൾ, 89 സാനിട്ടറി കോംപ്ലക്സുകൾ എന്നിവ നിർമ്മിക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും

വേണ്ടിയാണ് ഈ തുക ചെലവാക്കിയിട്ടുള്ളത്. മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന ഏർപ്പാടുകൾ ഉണ്ടാക്കി.

4 കോർപ്പറേഷനുകളിലും 17 മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ പരിപാലനത്തിനുള്ള സംസ്കരണ പ്ലാന്റുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. ഒരു കേർപ്പറേഷനിലും 13 മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. 19 മുനിസിപ്പാലിറ്റികളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള ഫണ്ട് വിവിധ സ്രോതസ്സുകളിൽ നിന്നായി സ്വരൂപിച്ചിട്ടുണ്ട്.

ഖരമാലിന്യം, സ്രോതസ്സിൽ നിന്ന് ശേഖരിച്ച് സംസ്കരണശാലയിലേക്ക് കൊണ്ടുപോകുന്ന വാഹനങ്ങളിൽ എത്തിക്കുന്നതിന് കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾക്ക് പരിശീലനം നൽകി. സ്രോതസ്സിൽ തന്നെ മാലിന്യം കുറയ്ക്കുന്നതിന് ഗാർഹിക മാലിന്യ സംസ്കരണ രീതി പ്രചരിപ്പിച്ചു വരുന്നു.

30 മൈക്രോൺ വരെ ഘനമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും നിരോധനം നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ ഭാഗമായി വ്യക്തിഗത ടോയ്‌ലറ്റുകൾ, സ്ക്കൂൾ ടോയ്‌ലറ്റുകൾ, അംഗൻവാടി ടോയ്‌ലറ്റുകൾ സാനിട്ടറി കോംപ്ലക്സുകൾ ഇവ നിർമ്മിക്കുന്നതിന് നടപടി എടുത്തു.

63 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭാഗീകമായി ധനസഹായം നൽകി. ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണ സംവിധാനം വ്യാപകമാക്കുന്നതിന് പരിശീലന ശില്പശാലകളും പ്രോജക്ട് ക്ലീനിക്കുകളും സംഘടിപ്പിച്ച് ഊർജ്ജിതമാക്കി. പൊതുസ്ഥലങ്ങൾ, പൊതുസ്ഥാപനങ്ങൾ, ചന്തകൾ തുടങ്ങിയവ കാലാകാലങ്ങളിൽ ശുചീകരിക്കുന്നതിന് പ്രേരണ നൽകിക്കൊണ്ട് 5 തീവ്രശുചീകരണ പരിപാടികൾ നടപ്പിലാക്കി.

കലാജാഥകൾ ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടി നടപ്പിലാക്കി.

മാലിന്യമുക്ത കേരളമെന്നത് ഒരു തുടർപ്രക്രിയയാണ്. ഇപ്പോൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ 11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ തന്നെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. അതിനുള്ള കർമ്മ

പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. വീടുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ കാര്യത്തിൽ കുറേക്കൂടി ശക്തമായ നിലപാട് എടുക്കുന്നതാണ്. 30 മൈക്രോൺ വരെയുള്ള പ്ളാസ്റ്റിക് നിരോധനം നടപ്പിലാക്കിയ ആദ്യഘട്ടത്തിൽ നല്ല ഫലം കണ്ടിരുന്നുവെങ്കിലും വീണ്ടും ധാരാളം വിൽപ്പന നടക്കുന്നുണ്ടെന്നുള്ളതിനാൽ നടപടി ശക്തിപ്പെടുത്തുന്നതാണ്. പ്ളാസ്റ്റിക്കിന് പകരമായി ക്യാരിബാഗുകളും പേപ്പർ ബാഗുകളും കുടംബശ്രീ യൂണിറ്റുകൾ മുഖേന ഉൽപ്പാദിച്ചുകൊണ്ടിരിക്കുകയാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 364 മുതൽ 369 വരെയും 371 മുതൽ 390 വരെയുമുള്ള 26 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2969 മുതൽ 3254 വരെയുള്ള ചോദ്യങ്ങളിൽ 183 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.